# VADAVATHOOR
# MOR APHREM CHURCH



വടവാതൂരും സമീപപ്രദേശങ്ങളിലും ഉള്ള മണർകാട് വി. മർത്തമറിയം പള്ളി, പൊൻപള്ളി പള്ളി ഇടവക ക്കാരും ആയിരുന്ന യാക്കോബായ വിശ്വാസികൾ ആരാധനയ്ക്കും മറ്റ് ആത്മീയ ആവശ്യങ്ങൾക്കും വടവാ തൂരിൽ ഒരു ആരാധനാലയം പണിയണമെന്ന് ആഗ്രഹിച്ച് സ്ഥാപിതമായതാണ് ''വടവാതൂർ മാർ അപ്രേം പള്ളി''.

ഒൻപതുപറയിൽ ചാണ്ടിമാത്തൻ സംഭാവനയായി നൽകിയ സ്ഥലത്ത് 1939, നവംബർ 7–ാം തീയതി പണി പൂർത്തിയായ ഈ ദേവാലയത്തിന്റെ കൂദാശ ഭാഗ്യസ്മരണാർഹനായ മീഖായേൽ മാർ ദിവന്നാ സ്യോസ് മെത്രാപ്പോലീത്ത 1939 നവംബർ 11–ാം തീയതി നിർവ്വഹിച്ചു. സീതാർകുഴി സി.എം. തോമസ് കത്ത നാർ (തോമസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലിത്ത) പ്രഥമ വികാരിയായിരുന്നു.

20 കുടുംബങ്ങൾ അംഗങ്ങളായി ആരംഭിച്ച ഈ പള്ളിയിൽ ഇന്ന് 200– ഓളം കുടുംബങ്ങൾ ഉണ്ട്. 7–11–1940–ൽ രജിസ്റ്റർ ചെയ്ത ഉടമ്പടി മിഖായേൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തയ്ക്ക് സമർപ്പിച്ച് കോപ്പി പള്ളിയിൽ സൂക്ഷിച്ചിട്ടുണ്ട്.

1982 ഫെബ്രുവരി 2 – ന് പ. അന്ത്യോഖ്യാ പാത്രിയർക്കീസ് മോർ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ ബാവാ തിരുമനസ്സുകൊണ്ട് ഈ ദേവാലയത്തിൽ എഴുന്നള്ളി ശ്ലൈഹിക വാഴ്വുകൾ നൽകി അനുഗ്രഹിക്കു കയുണ്ടായി.

1986–ൽ പള്ളി പുതുക്കി പണിത് ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് പൗലോസ് ദ്വീതീയൻ ബാവാ, കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താ ഗീവർഗീസ് മാർ ഗ്രീഗോറിയോസ്, യൂഹാനോൻ മാർ പീല ക്സിനോസ്, തോമസ് മാർ ഒസ്താത്തിയോസ് എന്നീ തിരുമേനിമാരുടെ സഹകരണത്തോടെ കൂദാശ നിർവ്വ ഹിച്ചു. ഈ പള്ളിയിൽ ഇപ്പോൾ വന്ദ്യശ്രീ ജേക്കബ് ചെറിയാൻ കശ്ശീശ മണ്ണൂർ വികാരിയായും വന്ദ്യശ്രീ

ഷൈജു ജോസ് കശ്ശീശ ചെന്നിക്കര സഹവികാരിയായും പുതുശ്ശേരിൽ സി.ജെ. കുര്യാക്കോസ് പ്രധാന ശുശ്രൂഷകനായും സേവനം അനുഷ്ഠിക്കുന്നു.

പ്രധാന പെരുനാൾ ആയ കല്ലിട്ട പെരുനാൾ എല്ലാ വർഷവും നവംബർ മാസം 21, 22, 23 തീയതികളിൽ ആഘോഷപൂർവ്വം നടത്തിവരുന്നു. നവംബർ മാസത്തെ ആദ്യ ഞായറാഴ്ച ഇടവകദിനമായും ആചരിച്ചുവരുന്നു. പെരുനാൾ ദിവസം പാച്ചോർ നേർച്ചയായി നൽകുന്നു.

പ്രാർത്ഥനായോഗം, സൺഡേസ്കൂൾ, യൂത്ത് അസ്സോസിയേഷൻ, മർത്തമറിയം വനിതാസമാജം എന്നിവ വളരെ നന്നായി നടന്നുവരുന്നു. അന്ത്യോഖ്യാ വിശ്വാസ സംരക്ഷണ സമിതിയും ഈ ഇടവകയിൽ പ്രവർത്തിക്കുന്നുണ്ട്. ദൈവകൃപയുടെ തണലിൽ ആത്മീയമായും ഭൗതികമായും ഈ ദേവാലയം വടവാതൂർ പ്രദേശത്തിനും ചുറ്റുപാടിനും ഒരു അനുഗ്രഹമായി പരിലസിക്കുന്നു.

*Source: Kottayam Diocese Souvenir, 2007*

SyrianChurch.org